NURSES—PAY OF

510. മിസ്റ്റർ പി. കെ. ഡീവർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക സദയം മറുപടി പറയുമോ.—

(എ) നർസുമാരുടെ ശമ്പളം ക. നു ൦—ങ—ന്യ ൦ ആയി വർദ്ധിപ്പിച്ചുതെന്നാണ്;

(ബി) അതിനുശേഷം അവർക്ക് ആദ്യത്തെ കൊല്ലം ങ ക. ഇൻക്രിമെൻറ അനുവദിക്കുകയും പിന്നീടനുവദിക്കാതിരിക്കയും ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്;

(ഡി) ഇൻക്രിമെൻറ് ങക. എന്നതു് ഫ ക. യായി കുറക്കുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്ത്;

(എഫ്) ഈ അടുത്ത അവസരത്തിൽ നർസുമാരിൽനിന്നും വല്ല മെമ്മോറിയലും ഗവ മെണ്ടിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്നാണ്;

(എച്ച്) എന്താണവർ ആ മെമ്മോറിയൽവഴി ആവശ്യപ്പെട്ടിരിക്കുന്നതു്;

(ഐ) ആ മെമ്മോറിയലിന്മേൽ എന്തു നടപടി എടുത്തു;

(ജെ) മദിരാശി സംസ്ഥാനത്ത് നഴ്സുമാരുടെ ശമ്പളസ്കെയിൽ എന്താണ്;

(കെ) ഈ ഗവമ്മെണ്ട് നഴ്സുമാരുടെ ശമ്പളം റിവൈസു ചെയ്തപ്പോൾ കൂടുതൽ സർവ്വീസുള്ളവർക്ക സർവ്വീസനുസരിച്ച് അവർക്ക് അവകാശപ്പെട്ടിട്ടുള്ള ഇൻക്രിമെൻറ് അനുവദിച്ചു കൊടുത്തുവോ;

(എൽ) ഇല്ലെങ്കിൽ കാരണമെന്ത്;

(എം) ഇപ്പോഴത്തെ നിലയിൽ ങ കൊല്ലം സർവ്വീസുള്ള ഒരു നഴ്സിനും പുതുതായി ടെയിനിങ്ങ് കഴിഞ്ഞു് സർവ്വീസാരംഭിച്ചു് ഒരു കൊല്ലംമാത്രം സർവ്വീസുള്ള നഴ്സിനും ഒരെ ശമ്പളം ആകയില്ലേ?

മിസ്റ്റർ സി. ജെ. മാത്യു :

(എ) ഫ—ഫ—ഫ ഫ ഫ ൦ മുതൽ.

(ബി) ഉണ്ടു്.

(സി) ഇവരുടെ ശമ്പളം മറ്റു ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തേക്കാൾ വേഗം മാക്സിമം എത്തുന്നതുകൊണ്ടു്.

(ഡി) ഇല്ല; ഈരണ്ടുകൊല്ലം കൂടുമ്പോൾ ഇക്രിമെൻറ് ങക. യാക്കിയിട്ടുണ്ടു്.

(ഇ) നു-ാം ചോദ്യത്തിൻെറ ഉത്തരം നോക്കുക.

(എഫ്) ഉണ്ടു്.

(ജി) ഫ ഫ ഫ ഫ-ൽ.

(എച്ച്) ക. നു ൦—ങ—ന്യ ൦ എന്ന ശമ്പളത്തോതുതന്നെ അവർക്കനുവദിച്ചു കിട്ടണമെന്നു്.

(ഐ) മെമ്മോറിയൽ ഗവമ്മെണ്ടു് പരിശോധിച്ചു. ഫ—ഫ—ഫ ൦-ൽ സർവ്വീസിലുണ്ടായിരുന്നവർക്ക് ഫ ഫ ഫ ഫ-ൽ ങക. നിരക്കിൽ ഒരു ഇൻക്രിമെൻറും ശേഷം കാലങ്ങളിൽ ഈരണ്ടുകൊല്ലം കൂടുമ്പോൾ ങക. വീതം ഇൻക്രിമെൻറും അനുവദിച്ചു.

(ജെ) ന ങ—ങ/ഫ—ൻ ങ—ർ/ഫ—ഫ ഫ ങ.

(കെ) മേലുപ്രകാരം അനുവദിക്കുന്നതു് അനുവദിച്ചു കൊടുത്തിട്ടുണ്ടു്. സർവ്വീസും മറ്റും നോക്കി കിട്ടത്തക്കവണ്ണമാണ് മേലുകം ഉണ്ടാക്കിയിരിക്കുന്നതു്.

(എൽ) ഫ ഫ-ാം ചോദ്യത്തിൻെറ ഉത്തരംകൊണ്ട് ഈ ചോദ്യത്തിനു് ഉത്തരമാവശ്യമില്ല.

(എം) ഉവ്വ്.

ASSISTANT DIRECTOR OF INDUSTRIES

511. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ —

(എ) യുദ്ധപരിതഃസ്ഥിതികൾമൂലം ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽ നിയമിതനായിരുന്ന അസിസ്റ്റാൻറ ഡയറക്ടരുടെ തസ്തിക നിർത്തൽ ചെയ്തതായും തൽസ്ഥാനത്തു് നിയമിതനായിരുന്ന ശ്രീമാൻ ശ്രീധരമേനോൻ അവർകളെ ഉദ്യോഗത്തിൽനിന്നു പിരിച്ചുതായും ഗസറ്റിൽ പരസ്യപ്പെടുത്തിയിരുന്നില്ല;—

LIBRARY ARCHIVES Kerala Legislative Assembly